RESPATCHED
On.1.8/2/23.

30/12/22


# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920
Email:- sic.ker@nic.in


## ഹർജി നമ്പർ **AP.No.2024(5)/20/SIC**

## തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

## File No. 9525/SIC-G7/2020

**സന്നിഹിത**
**ശ്രീമതി ശ്രീലതപി.ആർ.,സംസ്ഥാനവിവരാവകാശ കമ്മീഷണർ**
**ഉത്തരവ് തീയതി:30.12.2022**

**ശ്രീ. ജീമോൻ,**
**ജോ ഭവനം,**
**തുരുത്തിക്കര പി.ഒ,**
**കുന്നത്തൂർ , കൊല്ലം,**
**പിൻ – 690 540.**
} **അപ്പീൽഹർജിക്കാരൻ**

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,**
**പട്ടം, തിരുവനന്തപുരം.**

**അപ്പീൽ അധികാരി &**
**ജോയിന്റ് സെക്രട്ടറി, അഡ്വൈസ് (ലിറ്റിഗേഷൻ),**
**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,**
**പട്ടം, തിരുവനന്തപുരം**
} **എതിർകക്ഷികൾ**

## ഉത്തരവ്

1. അപ്പീൽഹർജിയും മറ്റ് അനുബന്ധരേഖകളും കമ്മീഷൻവിശദമായി പരിശോധിച്ചു. കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലെ എൽ.ഡി.വി ഡ്രൈവർ തസ്തികയുമായി ബന്ധപ്പെട്ട വിവരമാണ് ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്നത്. 06.05.2020 ലെ വിവരാവകാശ അപേക്ഷയ്ക്കും 24.07.2020 ലെ ഒന്നാം അപ്പീലിനും മറുപടി ലഭ്യമായിട്ടില്ല എന്നാണ് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച രണ്ടാം അപ്പീലിൽ അറിയിക്കുന്നത്.
2. രണ്ടാം അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ 19.05.2022 തീയതി നടന്ന ഹിയറിംഗിൽ എസ്.പി.ഐ.ഒ പങ്കെടുക്കുകയുണ്ടായി ഹർജിക്കാരൻ പങ്കെടുക്കുകയുണ്ടായില്ല.

3. ഒന്നാം എതിർകക്ഷി നൽകിയ മൊഴിയും റിപ്പോർട്ടും പരിശോധിച്ചതിൽ നിന്നും 12.05.2020 ലെ അപേക്ഷയ്ക്ക് 08.06.2020 തീയതി നിയമം അനുശാസിക്കുന്ന സമയ പരിധിക്കുള്ളിൽ മറുപടി നൽകിയതായും ഒന്നാം അപ്പീലിന് 16.09.2020 തീയതി മറുപടി നൽകിയതായും കമ്മീഷന് ബോദ്ധ്യപ്പെടുകയുണ്ടായി.

4. കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ പരിഗണിച്ച് ടിയാന് ഒരിക്കൽ കൂടി മറുപടി അയച്ചു നൽകാൻ ഒന്നാം എതിർകക്ഷിയ്ക്ക് വാക്കാൽ നിർദ്ദേശം നൽകുകയുണ്ടായി. കമ്മീഷന്റെ വാക്കാൽ നിർദ്ദേശ പ്രകാരം വിവരാവകാശ അപേക്ഷയ്ക്കുള്ള മറുപടിയുടെ പകർപ്പ്, ഒന്നാം അപ്പിൽ തീരുമാനത്തിന്റെ പകർപ്പ്, കമ്മീഷൻ മുമ്പാകെ ഹാജരാക്കിയ റിപ്പോർട്ടിന്റെ പകർപ്പ് 20.05.2022 ലെ കത്തിലൂടെ ടിയാന് അയച്ചു നൽകിയിട്ടുണ്ടെന്ന് അറിയിച്ചു കൊണ്ടുള്ള കത്ത് 24.05.2022 തീയതി കമ്മീഷനിൽ ലഭിക്കുകയുണ്ടായി.

5. മേൽ സാഹചര്യത്തിൽ ഈ അപ്പീൽ ഹർജിയിൻമേൽ മറ്റ് നടപടികൾ ആവശ്യമില്ലെന്ന് വിലയിരുത്തി ഈ അപ്പീൽ ഹർജി **ഇന്നേ ദിവസം 2022 ഡിസംബർ മാസം 30-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി